പതിനാലാം കേരള നിയമ സഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3637 — 20.10.2016 ൽ മറുപടിക്ക്

## ശ്രീ. കെ. കെ. വർഗ്ഗീസിന്റെ ഗ്രാറ്റുവിറ്റിയും പെൻഷൻ കുടിശ്ശികയും

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ആന്റണി ജോൺ | പ്രൊഫ. സി. രവീന്ദ്രനാഥ്<br>ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി |
| (എ) പാലക്കാട് പുതുക്കോട് സർവ്വജന ഹൈസ്കൂൾ ഹെഡ് മാസ്റ്റർ ആയിരുന്ന ശ്രീ. കെ. കെ. വർഗ്ഗീസിന്റെ ഗ്രാറ്റുവിറ്റിയും പെൻഷൻ കുടിശ്ശികയും ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ശ്രീ. കെ. കെ. വർഗ്ഗീസിന്റെ റിവൈസ്ഡ് പെൻഷൻ ബുക്ക് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ നിന്ന് എ. ജി. യുടെ ഓഫീസിലേക്ക് അയച്ചിട്ടുണ്ടോ, ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (ബി) സേവന പുസ്തകം എ.ജി. യുടെ ഓഫീസിലേക്ക് അയച്ചിട്ടില്ല. പ്രധാനാദ്ധ്യാപകന്റെ ശമ്പള നിർണ്ണയവുമായി ബന്ധപ്പെട്ട് അപാകത തീർപ്പാക്കാത്തതിനാലാണ് കാലതാമസം നേരിടുന്നത്. ശ്രീ. കെ. കെ. വർഗ്ഗീസിന്റെ പെൻഷൻ പുനർനിർണ്ണയം ചെയ്യുന്നതിനുള്ള അപേക്ഷ 05.05.2016 നാണ് പാലക്കാട് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ ലഭിച്ചതെന്നും 01.07.2005 നും 17.07.2005 നും നടത്തിയ ശമ്പളനിർണ്ണയത്തിൽ അപാകത കണ്ടെത്തിയതിനെ തുടർന്ന് അധികം കൈപ്പറ്റിയ തുക തിരിച്ചടച്ചതിന്റെ രേഖകൾ സഹിതം സമർപ്പിക്കുവാൻ നിർദ്ദേശിച്ച് പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സർവ്വീസ് ബുക്ക് മടക്കി നൽകിയതായും പാലക്കാട് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് 20.09.2016 ൽ |

| | | | |
|---|---|---|---|
| | | | പാലക്കാട് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ ശമ്പള നിർണ്ണയം അംഗീകരിച്ച് പെൻഷൻ പ്രൊപ്പോസൽ അക്കൗണ്ടന്റ് ജനറലിന് ഉടൻ അയയ്ക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. |
| (സി) | 2011 മാർച്ച് 31 ന് റിട്ടയർ ചെയ്ത ശ്രീ. കെ. കെ. വർഗ്ഗീസിന്റെ ഗ്രാറ്റുവിറ്റിയും പെൻഷൻ കുടിശ്ശികയും നൽകാൻ നടപടി സ്വീകരിക്കുമോ; | (സി) | സ്വീകരിക്കുന്നതാണ്. |
| (ഡി) | ലഭിച്ച കുടിശ്ശികയും ഇനി ലഭിക്കാനുള്ള തുകക്കും അർഹതപ്പെട്ട ന്യായമായ പലിശ അനുവദിക്കുവാൻ തയ്യാറാകുമോ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ? | (ഡി) | ശമ്പള നിർണ്ണയവുമായി ബന്ധപ്പെട്ട തടസ്സവാദം തീർപ്പാക്കാത്തതിനാൽ മാത്രമാണ് ടിയാന്റെ പെൻഷൻ ആനുകൂല്യങ്ങൾ വൈകിയത് ടിയാന് അർഹതപ്പെട്ട പെൻഷൻ ആനുകൂല്യങ്ങൾ ഉടനെ നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. പെൻഷൻ അനുവദിക്കുന്ന അധികാരിയായ പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ, ടിയാന്റെ വിഷയം കൈകാര്യം ചെയ്യുന്നതു സംബന്ധിച്ച കാലതാമസം നേരിട്ടിട്ടില്ല. |

(signature)

സെക്ഷൻ ഓഫീസർ